**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2755 07.12.2018-ലെ മറുപടിക്ക്**

**<u>നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനി, കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന കോളനി എന്നീ സ്ഥലങ്ങളിൽ നടക്കുന്ന ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കാമോ; | (എ) | അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ ഭാസ്കർനഗർ കോളനിയിലെ കർമ്മപരിപാടി നടപ്പാക്കി വരികയാണ്. ഓടനിർമ്മാണം, റീട്ടെയിനിംഗ് വാൾ എന്നീ പ്രവൃത്തികൾ പുരോഗമിച്ച വരുന്നു.<br>കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൂഴിക്കുന്ന് കോളനിയിലെ നിവാസികൾക്ക് കോളനിയിലേയ്ക്ക് പ്രവേശിക്കുന്നതിനായി നെയ്യാർ ജലസേചന കനാലിനു കുറുകെ ബോക്സ് കൽവെർട്ട് ചെയ്യുന്നതിനായുള്ള അനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി ഏജൻസി ജലസേചന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർ നഗർ കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഗുണനിലവാരത്തിൽ അല്ല നടത്തുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല.<br>ടി കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനും കൃത്യതയോടെ നടത്തുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് അറിയിക്കുമോ? | (സി) | പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ജില്ലാ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകനങ്ങൾ നടത്തി വരുന്നു. കൂടാതെ കോളനി തലത്തിൽ മോണിറ്ററിംഗ് നടത്തി പ്രവൃത്തികളുടെ പുരോഗതിയും ഗുണമേൻമയും വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ